(ബി) പഞ്ചായത്ത് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതോടുകൂടി അംഗൻവാടി പ്രവർത്തകരുടെ തെരഞ്ഞെടുപ്പ് നടക്കാതിരിക്കുകയും പുതിയതായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് അംഗങ്ങളെകൂടി ചേർത്ത് തെരഞ്ഞെടുപ്പ് കമ്മിറ്റികൾ പുനഃസംഘടിപ്പിക്കേണ്ടിവന്നതു കാരണമാണ് അംഗൻവാടി പ്രവർത്തകരുടെ തെരഞ്ഞെടുപ്പും നിയമനവും വൈകിയത്.

കുട്ടികളുടെ ക്ഷേമത്തിനായി നടപടി

51 [1636] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ ക്ഷേമത്തിനായി ഗവൺമെൻറ് എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻെറ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കുട്ടികളുടെ ക്ഷേമത്തിനായി ഫലപ്രദമായ പദ്ധതികൾ ഇപ്പോഴുതന്നെ നിലവിലുണ്ട്.

(ബി) കുട്ടികളുടെ ക്ഷേമത്തിനായി സംയോജിത ശിശുവികസന പദ്ധതി (ഐ. സി. ഡി. എസ്.), യു. എസ്. എൻ. പി. ഡേ കെയർ സെൻറർ, ക്രഷ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

അനാഥാലയങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ സൗകര്യം

52 [1637] ശ്രീ. സി. പി. നാരായണൻ:
ശ്രീമതി എൻ. കെ. രാധ:
ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അനാഥാലയങ്ങൾ ഉണ്ട്; ഇവയിൽ എത്ര അന്തേവാസികൾ ഉണ്ട്;

(ബി) അനാഥാലയങ്ങളിലെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ എത്ര കുട്ടികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്; ഇതിനായി 1994-95, 1995-96 എന്നീ വർഷങ്ങളിൽ ചെലവഴിച്ച തുക എത്ര; ഇതിനായി പ്രസ്തുത വർഷങ്ങളിൽ നീക്കിവച്ച തുക എത്ര;

(ഡി) അനാഥാലയങ്ങളിലെ കുട്ടികൾക്ക് ഇപ്പോൾ എന്തുതുകയാണ് ധനസഹായമായി നൽകുന്നത്; ഈ ഇനത്തിൽ കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര?

LIBRARY ARCHIVES Kerala Legislative Assembly